CCA (28) 2013-14

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റി**
**22.01.2014ന് കൂടുന്ന യോഗത്തിന്റെ അജണ്ട**

**സമയം : 3 pm ന്**

**സ്ഥലം: അസംബ്ലി മന്ദിരത്തിലെ ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ ചേമ്പർ**

**15.01.2014– ലെ യോഗ നടപടിക്കുറിപ്പിന്റെ അംഗീകാരം**

**2 പൊതുവിഷയങ്ങൾ**

**2.1. വാർഷിക പദ്ധതി (2013–14) നിർവഹണ പുരോഗതി അവലോകനം**

**മുൻവർഷം ഇതേ കാലയളവിലെ നിർവഹണ പുരോഗതി താരതമ്യം ചെയ്ത് ശതമാന കണക്കിലും കൂടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.**

1. ഗ്രാമപഞ്ചായത്തുകൾ : പഞ്ചായത്ത് ഡയറക്ടർ
2. ബ്ലോക്ക് പഞ്ചായത്തുകൾ : ഗ്രാമവികസന കമ്മീഷണർ
3. ജില്ലാ പഞ്ചായത്തുകൾ : പഞ്ചായത്ത് ഡയറക്ടർ
4. മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ : നഗരകാര്യ ഡയറക്ടർ

**2.2 അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് യൂണിഫോം അനുവദിക്കുന്നത് സംബന്ധിച്ച്**

**33115** അംഗനവാടി കേന്ദ്രങ്ങളിലായി 66230 അംഗനവാടി വർക്കർ/ഹെൽപ്പർമാർ പ്രവൃത്തി എടുക്കുന്നുണ്ട്. വർക്കർമാർക്ക് ഓവർകോട്ടും ഹെൽപ്പർമാർക്ക് ഏപ്രണും ഹെയർ ക്യാപ് എന്നിവയും യൂണിഫോമായി നൽകുന്നതിന് 300/– രൂപ നിരക്കിൽ പൊതുമേഖലാ സ്ഥാപനമായ ഹാൻടെക്സിന് ഓർഡർ കൊടുത്തിട്ടുണ്ട്. ഇതിലേയ്ക്ക് 26416000രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് സർക്കാർ അനുമതിയോടെ TSB അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്. യൂണിറ്റിന് 200/–രൂപ നിരക്കിലാണ് കേന്ദ്രസർക്കാർ യൂണിഫോമിനായി തുക അനുവദിച്ചിട്ടുള്ളത്. 17.12.2013–ലെ ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രി വിളിച്ചു കൂട്ടിയ യോഗ തീരുമാനപ്രകാരം 39624000/– രൂപ ഇതിന് ആവശ്യമുള്ളതിൽ അധികമായി വേണ്ട 13208000/– രൂപ മുനിസിപ്പൽ കോർപ്പറേഷനുകൾ, നഗരസഭകൾ ഗ്രാമപഞ്ചായത്തുകൾ എന്നിവയിൽ നിന്നുള്ള 13505/– രൂപ വീതം വികസനഫണ്ട്/തനത്ഫണ്ട്/നോൺറോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും ആയത് അംഗീകരിക്കണമെന്ന് സാമൂഹ്യനീതി ഡയറക്ടറുടെ കത്തിൽ അപേക്ഷിച്ചിരിക്കുന്നു.

**2.3 സേവാഗ്രാം ഗ്രാമകേന്ദ്രം പ്രവർത്തന മാർഗരേഖയുടെ കരടിന് അംഗീകാരം സംബന്ധിച്ച്.**

'കില' സമർപ്പിച്ച സേവാഗ്രാം ഗ്രാമകേന്ദ്രം കരട് പ്രവർത്തന മാർഗരേഖ വിവിധ തലങ്ങളിൽ ചർച്ചാ വിധേയമാക്കേണ്ടതാണെന്ന് 15.01.2014–ലെ യോഗം നിരീക്ഷിച്ചിട്ടുള്ളതാണ്. കരട് മാർഗരേഖയെ സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കിയശേഷം വിഷയം വീണ്ടും ചർച്ച ചെയ്യാനായി മാറ്റിവച്ചിരുന്നു.

| 3 പ്രത്യേക വിഷയങ്ങൾ | | |
|---|---|---|
| വിഷയവിവരം | | |
| (1) | (2) | (3) |
| **3.1 അറക്കുളം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 190/ഡി.ബി1/14/തസ്വഭവ)** | | |
| 2013–14 വാർഷിക പദ്ധതിയിൽ സമ്പൂർണ്ണ ഭവന പദ്ധതിക്കായി 1800000/– രൂപ വകയിരുത്തിയതിന് ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും അധിക വിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ ടി വിഹിതം കൂടി പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവു ചെയ്യാൻ അനുവദിക്കണമെന്നാണ് 17.12.2013–ലെ പഞ്ചായത്ത് കമ്മിറ്റിയോഗം അഭ്യർത്ഥിക്കുന്നത്. | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വയം കണ്ടെത്തുന്ന ഫണ്ട് ഉപയോഗിച്ചാണ് ഭവന പദ്ധതികൾ നടപ്പാക്കേണ്ടത് എന്ന് 11.03.2013–ലെ 83/13/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. പദ്ധതി ചെലവിൽ ഉൾപ്പെടുത്തി ഭവന പദ്ധതികൾ ഏറ്റെടുക്കാൻ അനുവദിച്ചാൽ സർക്കാരിൽ നിന്നും അധിക വിഹിതം നൽകേണ്ടതായി വരും. ഗ്രാമപഞ്ചായത്ത് വിഹിതം എത്രയെന്നും, ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം എത്രയാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാ ക്കിയിട്ടില്ല. തനത്ഫണ്ട്. വികസന ഫണ്ട്, വായ്പ മുതലായവയാണ് ഭവനപദ്ധതിക്ക് ഉപയോഗിക്കേണ്ടത് എന്ന് അറിയിക്കാവുന്നതാണ്. | |
| **3.2 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 1029/ഡി.ഡി.2/14/തസ്വഭവ)** | | |
| പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിലെ മാറഞ്ചേരി ആശുപത്രി കെട്ടിട നിർമ്മാണം എന്ന ഏക വർഷ പ്രോജക്ട് ഭേദഗതി ചെയ്ത് ബഹുവർഷ പ്രോജക്ടായി നടപ്പാക്കാൻ അനുമതി നൽകണമെന്നാണ് 26.09.2013–ലെ ബ്ലോക്ക് കമ്മിറ്റി യോഗം അഭ്യർത്ഥിക്കുന്നത്. | 2013–14–ലെ 37–ാം നമ്പർ സ്പിൽഓവർ പ്രോജക്ട് ബഹുവർഷ പ്രോജക്ടായി ഈ വർഷം തന്നെ നടപ്പിലാക്കാൻ ഭേദഗതിക്ക് അനുമതി ആവശ്യപ്പെടുന്നു. നബാർഡ് വിഹിതത്തിന് അധികമായി കണ്ടെത്തേണ്ട പദ്ധതി വിഹിതം ബഹു വർഷ പ്രോജക്ടായി വയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. 18314531/–രൂപ വകയിരുത്തിയിരുന്നത് 2012 ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് റീ കാസ്റ്റ് ചെയ്തപ്പോൾ 19552025/– രൂപയായി വർദ്ധിച്ചു. 28.12.2013–ലെ ഗ്രാമവികസന കമ്മീഷണറുടെ കത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു. 19.03.2013–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 3.26 അനുസരിച്ച് അധിക തുക നബാർഡ് ഫണ്ടിൽ നിന്നും കണ്ടെത്തണമെന്ന വ്യവസ്ഥ അംഗീകരിച്ചിരുന്നു. | |

| | | |
|---|---|---|
| **3.3 കൊടുവള്ളി ബ്ലോക്ക്പഞ്ചായത്ത് (ഫയൽ നം. 80042/ആർ.ഡി.1/13/തസ്വഭവ)** | | |
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 10 ഗ്രാമപഞ്ചായത്തുകളിലെ പച്ചക്കറി കർഷകർക്ക് തങ്ങളുടെ ഉൽപന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി ഒരു വെജിറ്റബിൾ മാർക്കറ്റിന് കെട്ടിടം പണിയാൻ അനുമതി നൽകണമെന്നാണ് അപേക്ഷിക്കുന്നത്. | ഹിൽ ഏരിയ ഡെവലപ്മെന്റ് അതോറിട്ടിയിൽ നിന്നും ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് 9 ലക്ഷം രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് കോഴിക്കോട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ അറിയിക്കുന്നു. വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കലും ഉൽപ്പന്നങ്ങൾ സംഭരിക്കലും ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയല്ല. | HADAയുടെ അംഗീകാരവും ഫണ്ട് ലഭ്യതയും സംബന്ധിച്ച വിവരങ്ങൾ അറിഞ്ഞശേഷം പരിഗണിക്കാവുന്നതാണ്. |
| **3.4 പാലക്കാട് നഗരസഭ (ഫയൽ നം. 77846/ഡി.ബി.3/13/തസ്വഭവ)** | | |
| 2013–14 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ ആരോഗ്യ പരിപാലന മേഖലയിൽ ഹെൽത്ത് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥനായ 72700000/- രൂപ അടങ്കലുള്ള ആറ് പ്രോജക്ടുകൾക്ക് ഡി.പി.സി. അംഗീകാരം നിരസിച്ചിരുന്നു. ജില്ലാതല അപ്പലേറ്റ് കമ്മിറ്റിയും അംഗീകരിച്ചിട്ടില്ല. അതിനാൽ സർക്കാരിന്റെ പ്രത്യേക അനുമതിക്കായി സമർപ്പിച്ചിരിക്കുന്നു. 6 പ്രോജക്ടുകൾ ഇവയാണ്.<br>1) കൊതുകുക നശീകരണത്തിന് ഫോഗിംഗ് മെഷീൻ വാങ്ങൽ (310000/- രൂപ)<br>2) ഖരമാലിന്യ സംസ്ക്കരണം, ശുചീ രണം എന്നിവയ്ക്ക് വീൽബാരോ വാങ്ങൽ (1500000/-രൂപ)<br>3) ഖരമാലിന്യ സംസ്ക്കരണം മിനി ജെ.സി.ബി വാങ്ങൽ ( 1900000/- രൂപ)<br>4) ശുചീകരണ ആവശ്യങ്ങൾക്ക് മിനി ടിപ്പർ വാങ്ങൽ (15000000/- രൂപ)<br>5) ഡംബർ പ്ലേസർ വാഹനത്തിന് ബോക്സുകൾ (1010000/-രൂപ)<br>6) ഓടകൾ വൃത്തിയക്കാൻ ആധുനിക രീതിയിലുള്ള സ്കിഡ് സ്റ്റിയർ ലോഡർ വാഹനം വാങ്ങൽ (2400000/- രൂപ)<br>പ്രോജക്ട് അംഗീകരിക്കുന്ന കോംപിറ്റന്റ് അതോറിറ്റി അല്ല ശുചിത്വമിഷൻ എന്നതാണ് ജില്ലാ അപ്പലേറ്റ് കമ്മിറ്റി നിരസിക്കാൻ കാരണമായി പറയുന്നത്. | ഏഴേകാൽ കോടിയിൽപരം രൂപയ്ക്ക് ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്ന പ്രോജക്ടുകളാണ് ഇവ. അവയുടെ നിർവഹണ ഉദ്യോഗസ്ഥനായി ഹെൽത്ത് സൂപ്പർവൈസറെ നിയമിച്ചത് ശരിയായില്ല. വാഹനങ്ങൾ വാങ്ങുന്ന പ്രോജക്ടുകൾക്ക് സർക്കാർ അനുമതി തേടിയതായും കാണുന്നില്ല. അനുയോജ്യരായ നിർവഹണ ഉദ്യോഗസ്ഥരെ നിശ്ചയിച്ച് പ്രോജക്ട് ഭേദഗതി ചെയ്യാനും അതിന് അനുസൃതമായി വെറ്റിംഗ് ഓഫീസർമാരിൽ നിന്ന് അനുമതി വാങ്ങാനും നഗരസഭയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്. | ഇക്കാര്യം നഗരസഭയെ അറിയിക്കാവുന്നതാണ്. |

| | | |
|---|---|---|
| **3.5 കുത്തിയതോട് ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 79970/ഡി.എ.2/13/തസ്വഭവ)** | | |
| 2013–14 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ചതുപ്പു നിറഞ്ഞ പ്രദേശത്തു താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളുടെ വാസസ്ഥലം എസ്.സി.പി. ഫണ്ടിൽ നിന്ന് 744337/– രൂപയും തനത് ഫണ്ടിൽ നിന്ന് 5663/– രൂപയും വകയിരുത്തി ഗ്രാവലിട്ട് ഉയർത്തുന്നതിന് അംഗീകാരം നൽകണമെന്നാണ് 29.11.2013–ലെ പഞ്ചായത്ത് കമ്മിറ്റിയോഗം സർക്കാരിനോട് അഭ്യർത്ഥിക്കുന്നത്. | സമുദ്ര നിരപ്പിൽ നിന്നും കേവലം 1 മീറ്റർ ഉയരം മാത്രമുള്ളതും പൊക്കാളി നെൽപ്പാടങ്ങളുടെ ബണ്ടുകളിലും ചതുപ്പു പ്രദേശത്തും സ്ഥിതി ചെയ്യുന്നവയാണ് വാസസ്ഥലങ്ങൾ. ഓരോ വീടിനും പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി സുതാര്യമായ നടപടിക്രമങ്ങൾ വഴി മണ്ണിട്ടു നികത്തൽ പ്രോജക്ടുകൾക്ക് മുമ്പ് അനുമതി നൽകിയിട്ടുണ്ട് എന്നാൽ നെൽപ്പാടങ്ങൾ ഉള്ള പ്രദേശങ്ങളിൽ ഗ്രാവൽ ഇടുന്നത് പ്രോത്സാഹിപ്പിക്കാവുന്നതല്ല. | നിരസിക്കാവുന്നതാണ്. |
| **3.6 അന്നമനട പഞ്ചായത്ത് (ഫയൽ നം. 52371/ഡി.ബി3/13/തസ്വഭവ)** | | |
| ഗ്രാമപഞ്ചായത്തിലെ PHCയിൽ നടന്നു വരുന്ന പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പ്രവർത്ത നത്തിന് വാഹനം വാടകയ്ക്കെടുക്കുന്നത് മൂലം തൃപ്തികര മായവിധം സെന്ററിന്റെ പ്രവർത്തനം നടത്താൻ കഴിയുന്നില്ലെന്നും അതിനാൽ പഞ്ചായത്ത് വക ജീപ്പ് പാലിയേറ്റീവ് കെയറിനു നൽകാനും പഞ്ചായത്തിന്റെ ആവശ്യത്തിന് ഒരു പുതിയ വാഹനം വാങ്ങാനും അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു. | പാലിയേറ്റീവ് കെയറിനു നൽകുന്ന വാഹനത്തിന്റെ ഡ്രൈവറുടെ വേതനം, ഇന്ധന ചെലവ്, മറ്റ് ആവർത്തന ചെലവുകൾ, PHC നിർവഹിക്കുമെന്നും അയച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്ക് വാഹനം വാടകയ്ക്കെടുകയാണ് ഉചിതം. | പരിഗണിക്കേണ്ടതില്ല |
| **3.7 ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 643/ഡി.ഡി.2/14/തസ്വഭവ)** | | |
| ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നലകുന്നതിന് വനിത സ്വയം സഹായ സംഘത്തിലെ ക്ഷീര കർഷകരെക്കൂടി പരിഗണിക്കണമെന്നതാണ് 27.09.2013–ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയോഗം അഭ്യർത്ഥിക്കുന്നത്. | സബ്സിഡി മാർഗരേഖപ്രകാരം ക്ഷീര സംഘങ്ങൾ വഴി മാത്രമേ കാലിത്തീറ്റ സബ്സിഡി നൽകാൻ പാടുള്ളൂ എന്നാണ് വ്യവസ്ഥ. എന്നാൽ ക്ഷീര സംഘങ്ങൾ പ്രവർത്തനം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിലെ ക്ഷീര കർഷകർക്കും കാലിത്തീറ്റ സബ്സിഡി നൽകാൻ അനുവദിക്കണമെന്നാണ് അപേക്ഷിക്കുന്നത്. ഗ്രാമ–ബ്ലോക്ക് സംയുക്ത പദ്ധതി ഗ്രാമപഞ്ചായത്തു വഴിയാണ് നിർവഹണം നടത്തേണ്ടത്. ക്ഷീര സംഘങ്ങൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിന്റെ അളവ് സംബന്ധിച്ച് വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം അടിസ്ഥാനത്തിൽ കാലിത്തീറ്റ സബ്സിഡി നൽകാവുന്നതാണെന്ന് ഗ്രാമ വികസന കമ്മീഷണർ 23.12.2013–ലെ കത്തിൽ ശുപാർശ ചെയ്യുന്നു. | പരിഗണിക്കാവുന്നതാണ്. |

| | | |
|---|---|---|
| **3.8 പി.എൻ. പണിക്കർ ഫൗണ്ടേഷൻ (ഫയൽ നം. 47708/എഫ്.എം.2/13/തസ്വഭവ)** | | |
| പി.എൻ പണിക്കർ ഫൗണ്ടേഷൻ 100 പഞ്ചായത്തുകളിൽ ഇ-സാക്ഷരത പരിപാടി നടപ്പാക്കാൻ ആലോചിക്കുന്നുവെന്നും അതിന് ഗ്രാമപഞ്ചായത്തുകൾ പ്ലാൻ ഫണ്ടിൽ നിന്ന് രണ്ട് ലക്ഷവും തനത് ഫണ്ടിൽ നിന്ന് ഒരു ലക്ഷം വീതവും ധനസഹായം ചെയ്യണമെന്ന് 21.12.2013-ലെ കത്തിൽ പി.എൻ. പണിക്കർ വിജ്ഞാൻ കേന്ദ്ര വൈസ് ചെയർമാൻ സർക്കാരിനു നൽകിയ അപേക്ഷയിൽ ആവശ്യപ്പെടുന്നു. ഈ വിഷയത്തിലുള്ള 11.03.2013-ലെ അപേക്ഷ 18.04.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ചർച്ച ചെയ്യുകയും കേന്ദ്ര സർക്കാർ ഈ പ്രോജക്ട് അംഗീകരിച്ച് വിഹിതം അനുവദിക്കുന്ന മുറയ്ക്ക് പരഗണിക്കാമെന്ന് തീരുമാനിച്ചിരുന്നു. കേന്ദ്ര സർക്കാരിന്റെ വിഹിതം ഇതുവരെ ലഭിച്ചിട്ടില്ല. | ബഹു. വ്യവസായ ഐ.ടി വകുപ്പു മന്ത്രിയുടെ അഭിപ്രായത്തിൽ കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ, ഐ.കെ.എം, അക്ഷയ എന്നീ ഏജൻസികളുടെ പ്രവർത്തനത്തിലുള്ള കടന്നു കയറ്റമാകരുതെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. സർക്കാർ ഏജൻസികളിലൂടെ നടന്നുവരുന്ന പ്രവർത്തനങ്ങൾക്ക് സമാനമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകുന്നത് ഉചിതമല്ല. | നിരസിക്കാവുന്നതാണ്. |
| **3.9 പാവറട്ടി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 69437/ഡി.എ.2/13/തസ്വഭവ)** | | |
| 2013-14 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം, എസ്.സി./എസ്.സി (വനിതകൾ) കമ്പ്യൂട്ടർ പരിശീലനവും ലാപ്ടോപ് വിതരണവും, ബഡ്സ് സ്ക്കൂളിന് സ്ഥലം അനുവദിക്കൽ എന്നീ പ്രോജക്ടുകൾക്ക് അനുമതി ആവശ്യപ്പെട്ടതിന്മേൽ 20.11.2013-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമെടുത്തിരുന്നതിൽ വിശദീകരണം ആവശ്യപ്പെടുന്നു. | 20.11.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനത്തിൽ എസ്.സി വിദ്യാർത്ഥി കൾക്ക് സൈക്കിൾ വിതരണവും പട്ടികജാതി ക്കാർക്കും പട്ടികജാതി വനിതകൾക്കും കമ്പ്യൂട്ടർ ലാപ്ടോപ് എന്നിവ വിതരണം ചെയ്യുന്നതും അംഗീകരിച്ചിരുന്നു. ബഡ്സ് സ്ക്കൂളിന് സ്ഥലം അനുവദിക്കുന്നത് വകുപ്പു തലത്തിൽ തീരുമാനിക്കാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് ആവശ്യപ്പെട്ടത് കമ്പ്യൂട്ടർ പരിശീലനവും തൊഴിൽ ചെയ്യുന്ന തിന് ലാപ്ടോപ് വിതരണവും ചെയ്യുന്ന പദ്ധതിയുടെ അംഗീകാരമാണ്. മാർഗരേഖയനുസരിച്ച് കമ്പ്യൂട്ടർ പരിശീലനം നൽകാൻ വ്യവസ്ഥയില്ല. പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണത്തിന് അനുവദാം നൽകിയിരുന്നു. എന്നാൽ പ്രത്യേക കേസായി പട്ടികജാതി/പട്ടികജാതി വനിതകൾക്ക് പരിശീലനവും തൊഴിൽ ചെയ്യാൻ ലാപ്ടേപ് വിതരണം എന്നീ പദ്ധതികൾക്ക് അനുമതി നൽകാമോ എന്നാണ് വിശദീകരണം ആവശ്യപ്പെടുന്നത്. | |

| | | |
|---|---|---|
| **3.10 13-ാം ധനകാര്യ കമ്മീഷൻ (ഫയൽ നം. 65099/ഏഫ്.എം.1/13/തസ്വഭവ)** | | |
| പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക അനുവദിക്കുന്നതിലെ കാലതാമസം പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പിന് കാലതാമസമുണ്ടാക്കുന്നുവെന്നും അവാർഡ് തുക വിതരണം സംബന്ധിച്ച് മന്ത്രിസഭയ്ക്ക് കുറിപ്പ് സമർപ്പിക്കണമെന്ന് 2.4 ഇനമായി 08.01.2014-ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം തീരുമാനിച്ചിരുന്നു. | 2013-14 സാമ്പത്തിക വർഷത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അവാർഡ് തുകയുടെ ആദ്യഗഡു 05.11.2013-ലെ ജി.ഒ(പി)8386/13/ഫിൻ ഉത്തരവു പ്രകാരവും അനുവദിച്ചിട്ടുണ്ടെന്നും അതിനാൽ 08.01.2014-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം2.4 നമ്പർ തീരുമാനത്തിന്മേൽ തുടർനടപടി ആവശ്യമില്ലെന്നാണ് അറിയിക്കുന്നത്. | |
| **3.11 ചുനക്കര ഗ്രാമപഞ്ചായത്ത് (ഫയൽ നം. 2485/ഏഫ്.എം.3/14/തസ്വഭവ)** | | |
| ചുനക്കര ഗ്രാമപഞ്ചായത്ത് അഭിമുഖീകരിക്കുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ജലസുരക്ഷ എന്ന പേരിൽ ഒരു പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഇതിലെ പ്രധാന ഘടകം പഞ്ചായത്തിലെ കിണറുകളിൽ റീ ചാർജിംഗ് സംവിധാനം ഏർപ്പെടുത്തുക എന്നതാണ്. ഓരോ വീടിന്റെയും മേൽക്കൂരയിൽ നിന്നും ഭൂമിയിലേയ്ക്ക് വെള്ളം ഇറക്കി വിടുന്നതിലൂടെ കിണറുകൾ റീചാർജ്ജ് സംവിധാനം ഏർപ്പെടുത്തുക എന്നും പദ്ധതി ലക്ഷ്യമിടുന്നു. | മാലിന്യ നിർമ്മാർജ്ജനത്തിന് എല്ലാവർക്കും സബ്സിഡി നൽകുന്നതുപോലെ എ.പി.എൽ, ബി.പി.എൽ വ്യത്യാസമോ, തറ വിസ്തീർണ്ണമോ പരിഗണിക്കാതെ സബ്സിഡി നൽകണമെന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനു നൽകിയ നിവേദനത്തിൽ ആവശ്യപ്പെടുന്നു. കൂടുതൽ വലിപ്പമുള്ള വീടുകളിൽ നിന്നാണ് കൂടുതൽ മഴവെള്ളം ശേഖരിച്ച് കിണറ്റിലെത്തിക്കാൻ കഴിയുക എന്നും അറിയിക്കുന്നു. റീ ചാർജ്ജിംഗ് സംവിധാനം നിർമ്മിക്കുന്നതിന് ചെലവിന്റെ 75% പരിധിക്കു വിധേയമായി 5000/- രൂപ വരെ സബ്സിഡിക്ക് പ്രത്യേകാനുവാദം നൽകണമെന്നാണ് അപേക്ഷിക്കുന്നത്. | സി.സി..ഡി .യു ഡയറക്ടറുടെ 10.04.2014-ലെ കത്തിലും സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നുണ്ട്. |
| **3.12 ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്** | | |
| ഇരിട്ടി ഗ്രാമപഞ്ചായത്തിൽ 2013-14 വർഷം ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിക്ക് 291 വീടുകൾ അനുവദിച്ചിരുന്നതിന് തുക വകമാറ്റി വയ്ക്കുന്നതിന് രേഖപ്പെടുത്തിയപ്പോഴുണ്ടായ പിശക് പരിഹരിക്കാൻ അനുവദിക്കണമെന്നതാണ് ആവശ്യം. | ഭവന നിർമ്മാണത്തിനായി ആദ്യ ഘട്ടത്തിൽ തുക മാറ്റി വയ്ക്കാൻ കഴിഞ്ഞിരുന്നില്ല. പഞ്ചായത്ത് കോമ്പൗണ്ടിൽ റൂറൽ മാർക്കറ്റ് കെട്ടിടം നിർമ്മിക്കൽ എന്ന പദ്ധതി ഉപേക്ഷിച്ചിട്ട് അതിനായി മാറ്റി വച്ച തുകയിൽ നിന്ന് 2577000/- രൂപ ഭവന നിർമ്മാണ പദ്ധതിക്കായി നീക്കി വയ്ക്കാൻ 03.01.2014-ലെ ഭരണസമിതി യോഗം തീരുമാനിച്ചു. ജനറൽ വിഭാഗം 1700000/- രൂപ, പട്ടികജാതി 635000/- രൂപ , എസ്.റ്റി 24250/- രൂപ എന്നീ ക്രമത്തിൽ പദ്ധതി പുതുക്കി അംഗീകാരം വാങ്ങി. | പിശക് വന്നത് പരിഹരിക്കാൻ അവസരം നൽകാവുന്നതാണ്. |

| | | |
|---|---|---|
| | എന്നാൽ പദ്ധതി ഓൺലൈനായി ചെയ്ത പ്പോൾ, എസ്.സി.പി. വികസനഫണ്ട്, റ്റി.എസ്.പി. വികസനഫണ്ട് എന്ന് തെറ്റായി രേഖപ്പെടുത്തിയത് തിരുത്തി വാലിഡേഷൻ ലഭിക്കുന്നതിന് ഐ.കെ.എം നിർദ്ദേശം നൽകണമെന്നതാണ് അപേക്ഷ | |
| **3.13 മലപ്പുറം ജില്ലാ പഞ്ചായത്ത്** | | |
| മലപ്പുറം ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾ എറ്റെടുത്തു നടത്തുന്ന ജലനിധി പദ്ധതികൾക്ക് അടവാക്കേണ്ട തുകയിലേയ്ക്ക് ജില്ലാ പഞ്ചായ ത്തിൽ നിന്നും ധനസഹായം നൽകാൻ അനുവദിക്കണ മെന്നതാണ് അപേക്ഷ. | ജലനിധി പദ്ധതിയുടെ അടങ്കൽ തുകയുടെ 10% ഗ്രാമപഞ്ചായത്തുകൾ നൽകണം എന്ന വ്യവസ്ഥ പാലിക്കാൻ പല ഗ്രാമപഞ്ചായ ത്തുകളും ബുദ്ധിമുട്ടുന്നുവെന്നും അക്കാരണ ത്താൽ പലരും ജലനിധി പദ്ധതികൾ ഏറ്റെടുക്കാൻ വൈമുഖ്യം കാണിക്കുന്നുണ്ട്. ഇക്കാരണത്താൽ ജലനിധി യിലേയ്ക്ക് അടവാക്കാൻ ഗ്രാമപഞ്ചായത്തുകൾ ആവശ്യപ്പെടുന്ന പക്ഷം ധനസഹായം നൽകാൻ ജില്ലാ പഞ്ചായത്ത് തയ്യാറാണ്. അതിനനു വദിക്കണമെന്ന് അപേക്ഷിക്കുന്നു. | കുടിവെള്ള പദ്ധതിക്ക് ധനസഹായം നൽകുന്നത് അനുവദിക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്. |
| **3.14 കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്** | | |
| പുനർവിന്യാസം മുഖേന നിയമിതനായ ക്ലാർക്ക് പ്രമോഷനെ തുടർന്ന് വിടുതൽ വാങ്ങി പോയതിനാൽ അടിയന്തിരമായി ഒരു ക്ലാർക്കിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അതുവരെ ദിവസവേത നാടിസ്ഥാനത്തിൽ ഒരു ക്ലാർക്കിനെ നിയമിക്കുന്നതിന് അനുമതി നൽകണമെന്നും അപേക്ഷിക്കുന്നു. | ഭരണപരമായ വിഷയമായതിനാൽ കോഓർഡി നേഷൻ കമ്മിറ്റി പരിഗണിക്കേണ്ടതില്ല | വകുപ്പുതലത്തിൽ തീരുമാനമെടുക്കാവുന്നതാണ്. |
| **3.15 പത്തനംതിട്ട മുനിസിപ്പാലിറ്റി** | | |
| 2013–14 വർഷം ഡി.പി.അംഗീകാരം ലഭിച്ച പദ്ധതികളിൽ നിർവഹണത്തിന് സാങ്കേതിക തടസ്സം നേരിട്ടതും ഭേദഗതി ആവശ്യവുമായ 49 പ്രോജക്ടുകൾ സയമ ബന്ധിതമായി ഡേറ്റാഎൻട്രി നടത്തി ജില്ലാ ആസൂത്രണസമിതിക്ക് ഓൺലൈനായി റിപ്പോർട്ട് ചെയ്യാൻ സാധിച്ചില്ല. | ടി റിവിഷൻ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കാത്തതിനാൽ റിവിഷൻ പ്രോജക്ടുകൾ ഓൺലൈനായി സമർപ്പിക്കാൻ വേണ്ട സമയം ദീർഘിപ്പിച്ചു തരണമെന്ന് അപേക്ഷിക്കുന്നു. | |
| **3.16 വാത്തിക്കുടി ഗ്രാമപഞ്ചായത്ത്** | | |
| 2013–14 വാർഷിക പദ്ധതിയിൽ വാലിഡേഷൻ ശരിയാക്കുന്നതിനായി പ്രോജക്ട് ഭേദഗതി ചെയ്യാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. | ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ട വാലിഡേഷനിൽ വന്ന വ്യത്യാസം കറക്ടു ചെയ്യുന്നതിനായി സമയം അനുവദിക്കുന്നതിന് അപേക്ഷിച്ചിരിക്കുന്നു. | |

**(തയ്യാറാക്കിയത് സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്)**

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം കൂടുന്ന തീയതി........................................................**